# ഓണാട്ടുകര കോക്കനെട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്

കറ്റാനം, വെട്ടിക്കോട് പിൻ – 690503

**REGD.NO.CINU01133KL2015PTC037897**

**PH: 0479 2339911**

പ്രിയ സുഹൃത്തുക്കളേ!

എല്ലാവർക്കും ഓണാട്ടുകര കമ്പനിയുടെ 11-ാം പൊതുയോഗത്തിലേക്ക് സ്വാഗതം!

നിങ്ങൾ ഓരോരുത്തരുടെയും പ്രയത്നത്തിലൂടെ കേരകർഷക കൂട്ടായ്മകൾ രൂപീകരിച്ച് നിർലോഭമായ സഹായവും സഹകരണവും നൽകി 2015ൽ രജിസ്റ്റർ ചെയ്തതാണല്ലോ ഈ സ്ഥാപനം. കമ്പനി പതിനൊന്നാം വാർഷിക പൊതുയോഗം നടത്തുന്ന ഈ വേളയിൽ ഒരു തിരിഞ്ഞുനോട്ടം അനിവാര്യമാണ്. പ്രത്യേകിച്ചും കമ്പനിയുടെ നടത്തിപ്പിനെക്കുറിച്ച് ആശങ്കപ്പെടുന്ന ഓഹരി ഉടമകൾക്ക് മുൻപിൽ. 4108 കർഷകരിൽ നിന്നും 3 കോടിയിലധികം രൂപ ഓഹരിയായി ശേഖരിക്കാൻ കഴിഞ്ഞതിന്റെ ആത്മധൈര്യത്തിലാണ് കമ്പനി ഇത്രവലിയ ഒരു ബൃഹത്ത് പദ്ധതിക്ക് തുടക്കം കുറിച്ചത്. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും ടേം ലോണായി 1.16 കോടി രൂപ എടുത്തത് തുടക്കത്തിലെ പ്രവർത്തനങ്ങൾ സുഗമമാകാനായിരുന്നു.2023 സെപ്റ്റംബറിൽ അടച്ചു തീർക്കേണ്ടിയിരുന്ന ലോൺ 2021 ഡിസംബറിൽ തന്നെ തിരിച്ചടവ് പൂർത്തിയാക്കിയത് ഭീമമായ പലിശയിൽ നിന്നും രക്ഷപ്പെടാനായിരുന്നു. നാളികേര വികസന ബോർഡിൽ നിന്നും ലഭിച്ച 50 ലക്ഷം രൂപ ലോൺ മുൻകൂട്ടി അടച്ച് തീർക്കാൻ സഹായകമായി.

2022 ൽ കോവിഡ് റിലീഫ് ഫണ്ട് ആയി 23.2 ലക്ഷം രൂപയും 2021 ൽ ഹ്രസ്വകാല റിവോൾവിംഗ് ഫണ്ട് ആയി 34 ലക്ഷം രൂപയും കൂടി KFC ആലപ്പുഴ ശാഖയിൽ നിന്നും ലഭിച്ചിരുന്നു. എങ്കിലും കുറച്ചുനാളായി അതെല്ലാം മുടങ്ങിക്കിടക്കുകയാണ്. ഇപ്പോൾ 50 ലക്ഷം രൂപയിലധികം വരും KFC യിൽ അടച്ചു തീർക്കാനുള്ള തുക. ചെറുകിട കർഷകരുടെ അഗ്രി ബിസിനസ് കൺസോർഷ്യ (SFAC) എന്ന സ്ഥാപനത്തിൽ നിന്നും 35.22 ലക്ഷം രൂപ വെഞ്ചർ ക്യാപ്പിറ്റൽ അസിസ്റ്റൻസ് അനുവദിച്ചിരുന്നു 2018-ൽ. അതും തിരിച്ചടയ്ക്കാൻ കഴിയാതെ നിയമകുരുക്കിലാണ്.

CEO ഉൾപ്പെടെ 8 ജോലിക്കാരാണ് ഇപ്പോൾ ഉള്ളത് ഇതിൽ രണ്ടുപേർ അവധിയിൽ ഇപ്പോൾ വിദേശത്താണ്. 18 പേർ ഉണ്ടായിരുന്ന സ്ഥാപനമാണ് ഇത്. ജീവനക്കാർക്ക് ശമ്പള കുടിശ്ശിക ഇനത്തിൽ പത്തുലക്ഷത്തിലധികം രൂപയും ബാധ്യതയുണ്ട്.

ഒരു വർഷം 1800 മെട്രിക് ടൺ വെളിച്ചെണ്ണ ഉല്പാദിപ്പിക്കാൻ ശേഷിയുള്ള മിഷനറിയാണ് ഈ യൂണിറ്റിൽ സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ പ്രവർത്തമ മൂലധനത്തിന്റെ അഭാവം ഇതിന്റെ പ്രവർത്തനങ്ങൾ തീരെ മന്ദഗതിയിൽ ആക്കാൻ

ഇടയാക്കി. 2023-24 ൽ 36327 മെട്രിക് ടൺ വെളിച്ചെണ്ണ ഉല്പാദിപ്പിച്ചിരുന്നത്. 2024-25ൽ 27416 ടൺ മാത്രമായി. കമ്പനിയുടെ നിലപ്പിൽപ്പിന് ഇത് തികച്ചും അപര്യാപ്തമാണെന്ന് എടുത്ത് പറയേണ്ടതില്ലല്ലോ.

ഇലക്ട്രിസിറ്റി ചാർജ് ശരാശരി 40000 രൂപയാണ്. മാസംതോറും ഫാക്ടറിയിലെ മെഷിനറികളുടെയും ഗുണമേന്മ സർട്ടിഫിക്കറ്റുകളുടെയും മറ്റും ലൈസൻസ് പുതുക്കൽ, കരം അടയ്ക്കൽ, സ്ഥല വാടക, എന്നിവ വേറെയും. തിരിച്ചടവുൾപ്പെടെയുള്ള മറ്റുചിലവുകൾക്കും പുറമെ ആണിത്. എല്ലാം കൂടി 4-5 ലക്ഷം രൂപ ഈ ഇനത്തിൽ വേണ്ടിവരും. ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2024-25 ൽ 20.383 ലക്ഷം രൂപയാണ് ഡിപ്രസിയേഷൻ കഴിഞ്ഞു നഷ്ടം.

നമ്മുടെ കമ്പനി പ്രവർത്തിക്കുന്നത് 30 വർഷത്തേക്ക് പാട്ട ഭൂമിയിൽ ആണെന്നു അംഗങ്ങൾക്ക് അറിയാമല്ലോ. പ്രവർത്തനമൂലധനം സമാഹരിക്കുകയെന്നതിനാണ് പ്രഥമ പരിഗണന. ഈ വർഷത്തെ വിറ്റ് വരവ് 59.616 ലക്ഷം രൂപ മാത്രമാണ്. ഫാക്ടറി പ്രവർത്തനം വിപുലപ്പെടുത്തുകയെന്നത്വിനാണ് പ്രഥമ പരിഗണന. പ്രവർത്തനം വർധിപ്പിച്ചു കടബാധ്യതകൾ കുറച്ചുകൊണ്ട് വരാനാണുദ്ദേശിക്കുന്നത്.

കമ്പനിയുടെ പ്രവർത്തനങ്ങൾ ഒരു കാരണവശാലും മുടങ്ങാൻ പാടില്ലെന്ന സമീപനത്താൽ ചെയർമാന്റെ നിസ്സീമമായ സാമ്പത്തിക സഹായത്തിലാണ് ഇതുവരെ പിടിച്ചുനിന്നത്. കൂടാതെ ഭരണിക്കാവ് ഫെഡറേനും കമ്പനി ഡയറക്ടർമാരും സഹായിച്ചിട്ടുണ്ട്. അതെല്ലാം മടക്കി കൊടുക്കണം. കേരള ഗവൺമെന്റെന്റെ സഹായം കഴിഞ്ഞ 9 വർഷമായി പ്രതീക്ഷിക്കുന്നുവെങ്കിലും സാക്ഷാത്കരിച്ചില്ല. ഓണാട്ടുകര വെളിച്ചെണ്ണയും മറ്റുൽപ്പന്നങ്ങൾക്കും ലഭിക്കുന്ന സ്വീകര്യതയാണ് നമ്മളെ പിടിച്ചു നിർത്തുന്നത്. മാത്രമല്ല കേരളത്തിൽ നിലവിൽ വന്ന 29 കമ്പനികളിൽ മുൻനിരയിൽ നിൽക്കുന്ന കമ്പനികളിൽ ഒന്നാണ് നമ്മുടേത് എന്ന് വിലയിരുത്തലും മുന്നോട്ടുള്ള പ്രയാണത്തിൽ ഒരു പ്രചോദനമാണ്. ഇവിടുത്തെ ഉൽപ്പനങ്ങൾ കയറ്റുമതി ചെയ്ത് വിദേശ വിപണിയിൽ എത്തിക്കാൻ സാധിച്ചു എന്നതും ശുപാപ്തി വിശ്വാസം നൽകുന്നു.

ഈ അവസരത്തിൽ കമ്പനിയുടെ ഓരോ ഓഹരി ഉമമകളോടും നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. കമ്പനിയുമായി പ്രത്യക്ഷമായും പരോക്ഷമായും സഹകരിക്കുന്ന എല്ലാഗവൺമെന്റ്, ഗവൺമെന്റേതര സ്ഥാപനങ്ങളോടും കമ്പനി സെക്രട്ടിമാരായ എബിപി അസോസിയേറ്റ്സിനോടും, സറ്റാറ്റ്യൂട്ടറി ഓഡിറ്ററോടും (ജിഎസ്പി& കമ്പനി) ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. കമ്പനി പ്രവർത്തിക്കുന്ന

സ്ഥലം ഉടമയായ ശ്രീ. നൈനാൻ ജോർജിനോടും എല്ലാ മാന്യ ഉപഭോക്താക്ക ളോടും ഞങ്ങൾക്കുള്ള സ്നേഹവും കടപ്പാടും രേഖപ്പെടുത്തുന്നു. എല്ലാ പ്രതികൂല സാഹചര്യങ്ങളിലും കമ്പനി ജീവനക്കാരുടെ ആത്മാർത്ഥതയും അർ പ്പണ മനോഭാവവും പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് ഈ ഡയറക്ടേഴ്സ് റിപ്പോർട്ട് ഇവിടെ ഉപസംഹരിക്കുകയാണ്.

കറ്റാനം ഷാജി
ചെയർമാൻ
ഡയറക്ടർ ബോർഡിന് വേണ്ടി

**ബോർഡ് അംഗംങ്ങൾ**

1. അഡ്വ.തോമസ് എം മാത്തുണ്ണി
2. വി. സദാശിവന്
3. ബാബുരാജൻ
4. ശ്രീലളിതാംമ്പ എ